## പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 499 30/06/2016-ൽ മറുപടിക്ക്

# വനാവകാശ നിയമം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. രാജു എബ്രഹാം :<br>,, എസ്.രാജേന്ദ്രൻ<br>,, സി.കെ. ഹരീന്ദ്രൻ<br>ശ്രീമതി. വീണാ ജോർജ്ജ് : | | ശ്രീ. എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി) | |
| എ) | വനാവകാശ നിയമത്തിന്റെ ഉദ്ദേശലക്ഷ്യങ്ങൾ വിശദമാ ക്കുമോ; | എ) | അനേകം തലമുറകളായി വനത്തിൽ താമസിച്ചുപോന്ന പരമ്പരാഗത വനവാസികൾക്ക് തങ്ങൾ കൈവശം വച്ചുപോന്ന ഭൂമിയ്ക്ക് അവകാശരേഖ നൽകുന്നതിനായി ലക്ഷ്യംവച്ച് നടപ്പിലാക്കപ്പെട്ട നിയമമാണ് 2006 ലെ പട്ടികവർഗ്ഗക്കാരും വനത്തിൽ താമസിച്ചുപോരുന്ന മറ്റ് പരമ്പരാഗത താമസക്കാരുടേയും (വനാവകാശം അംഗീകരിക്കൽ) നിയമം. ചരിത്രാതീതകാലം മുതൽ വനഭൂമിയിലും വിഭവത്തിന്മേലുമുള്ള അധികാരം കയ്യാളിയവർ നടത്തിയ ചൂഷണത്തെത്തുടർന്ന് ഗോത്രവർഗ്ഗങ്ങൾ നേരിട്ടുവന്ന ചരിത്രപരമായ അനീതിയ്ക്ക് പരിഹാരമെന്നോണമാണ് ഈ നിയമം വിഭാവനം ചെയ്യപ്പെട്ടത്. |
| ബി) | ഈ നിയമപ്രകാരമുള്ള കൈവശാവകാശം നൽകുന്നതിന് 2006-11-ലെ സർക്കാരും അതിന് ശേഷം വന്ന സർക്കാരും സ്വീകരിച്ച നടപടികൾ അറിയിക്കുമോ; | ബി) & സി) | 2008 വർഷമാണ് വനാവകാശ നിയമം നടപ്പിലാക്കാനുള്ള നടപടികൾക്ക് തുടക്കം കുറിച്ചത്. ഗ്രാമസഭ ചേർന്ന് വനാവകാശ കമ്മിറ്റികൾ മുഖേന അപേക്ഷകൾ സ്വീകരിക്കുകയും ആയവ പരിശോധിച്ച് സംസ്ഥാനതല കമ്മിറ്റിയുടെ മേൽനോട്ടത്തിൽ സബ്ഡിവിഷണൽ കമ്മിറ്റി, ജില്ലാതലകമ്മിറ്റി മുമ്പാകെ സമർപ്പിച്ച് അംഗീകരിപ്പിച്ച് വനാവകാശ രേഖ നൽകുകയും ചെയ്യുന്ന പ്രക്രിയ നടപ്പിലാക്കുന്നു. ഇതിനായി വനാവകാശ കമ്മിറ്റികൾ രൂപീകരിക്കുകയും സർവ്വെ നടപടികൾ ആരംഭിച്ച് ഇതിൻപ്രകാരം 2006–2011, 2011-2016 ലെ സർക്കാരുകൾ നൽകിയ വനാവകാശ രേഖകൾ സംബന്ധിച്ച താരതമ്യം ചുവടെ ചേർക്കുന്നു. |
| സി) | ഈ നിയമപ്രകാരം അർഹതപ്പെട്ട ശേഷിക്കുന്ന വർക്കുകൂടി ഭൂമി നൽകുന്നതിന് ഈ സർക്കാർ | | |

നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ വ്യക്തമാക്കാമോ?

| വർഷം | ലഭിച്ച വനാവകാശ അപേക്ഷകൾ (വ്യക്തിഗത അവകാശം സാമൂഹിക അവകാശം വികസന അവകാശം | ജില്ലാതല കമ്മിറ്റി പാസ്സാക്കിയ ക്ലെയിമുകൾ | നൽകിയ രേഖകളുടെ എണ്ണം | വിതരണം ചെയ്ത ഭൂമിയുടെ അളവ് (ഏക്കർ) |
|---|---|---|---|---|
| 2006-11 | 37492 | 22443 | 16723 | 20502 |
| 2011-16 | 492 | 4154 | 8824 | 12784 |
| ആകെ | 37984 | 26597 | 25547 | 33286 |

സെക്ഷൻ ഓഫീസർ